# മൃഗമായ് ജനിച്ചിരുന്നെങ്കിൽ

കഴിഞ്ഞ ലക്കത്തിലെ എന്റെ കത്തിനുള്ള മറുപടിയിലെ "മാംസ ഭക്ഷണത്തിന് യേശുവിന്റെയോ വേദപുസ്തകത്തിന്റെയോ പിന്തുണയുണ്ടെന്ന് തെളിയിക്കാൻ ശ്രമിച്ച് സ്വന്തം ശീലത്തിന് ദൈവ പിന്തുണയുണ്ടെന്ന് സമർത്ഥിക്കാൻ പോകാതിരിക്കുകയാണ് ഭംഗി" എന്ന വാക്കുകൾ എന്നെ വല്ലാതെ ഉലച്ചു. കാരണം ഞാൻ ഒരു സസ്യഭുക്കാണ്. മാംസം എനിക്ക് വെറുപ്പ് തന്നെയാണ്. പക്ഷെ വിശ്വാസത്തിന്റെ ഭാഗമായി വർഷത്തിൽ മൂന്ന് തവണ കഴിക്കേണ്ടിവരുന്നുവെന്ന് മാത്രം. വീട്ടിൽ മൽസ്യവും മാംസവും വെയ്ക്കുമെങ്കിലും ഞാൻ കഴിക്കാറില്ല.

ഇപ്പോൾ തോന്നുന്നു ഒരു മനുഷ്യനായി ജനിക്കുന്നതിനേക്കാൾ ഭേദം ഒരു മൃഗമായി ജനിക്കുകയായിരുന്നെന്ന്. കാരണം, മനുഷ്യന് ലഭിക്കുന്നതിനേക്കാൾ പരിഗണന മൃഗങ്ങൾക്ക് ലഭിക്കുന്നുണ്ടല്ലോ? മൃഗമാകുമ്പോൾ വിദ്യാഭ്യാസത്തിനു പോകേണ്ട, ജോലി അന്വേഷിച്ച് നടക്കേണ്ട മൽസരങ്ങൾ ഉണ്ടാവില്ല, ആളുകളുടെ കുറ്റം കുറവും കേൾക്കേണ്ട, വഴിയിലൂടെ നടക്കുമ്പോൾ ആരെങ്കിലും കണ്ടാൽ "മോനെന്താ ഇപ്പോൾ ജോലി" എന്ന് ചോദിക്കില്ല. പെണ്ണുകാണലിനു പോവുകയാണെങ്കിൽ "ചെക്കന് സർക്കാർ ജോലിയുണ്ടോ" എന്ന് ചോദിക്കില്ല. ഏതെങ്കിലും രാഷ്ട്രീയ പാർട്ടികളുടെയോ മതത്തിന്റെയോ പിന്നാലെ പോകേണ്ട. സമര കാഹളം മുഴക്കേണ്ടാ, അധികാരത്തിന് വേണ്ടി മൽസരിക്കേണ്ട. പിശാചിന്റെ പരീക്ഷണങ്ങൾ ഉണ്ടാവില്ല. പോലീസിന്റെ കള്ളക്കേസുകളിൽ കുടുങ്ങുകയില്ല. സർക്കാർ ഇറക്കുന്ന കാർഡുകളുടെ അപേക്ഷകൾ സമർപ്പിക്കാൻ പോകേണ്ട, സ്വത്തിന് വേണ്ടി തർക്കിക്കേണ്ടി വരികയില്ല. ഞാനൊരു മൃഗമായി ജനിച്ചിരുന്നെങ്കിൽ! സമയത്തിന് ആഹാരം ലഭിച്ചേനെ. മനുഷ്യരുടെ ആഹാരമാകാൻ കഴിഞ്ഞേനെ. ആരുടെയെങ്കിലും സ്നേഹമോ തലോടലോ ലഭിച്ചേനെ

ടോണി. വി. ടി

(എല്ലാവരും മൃഗമായിട്ടല്ലേ പിറക്കുന്നത് ടോണി? മനുഷ്യനായി വളർത്തിയെടുക്കുകയല്ലേ. അതിൽ തന്നെ ഹിന്ദു മനുഷ്യൻ, ക്രിസ്ത്യാനി മനുഷ്യൻ, മുസ്ലീം മനുഷ്യൻ, മാർക്സിസ്റ്റ് മനുഷ്യൻ, കോൺഗ്രസ് മനുഷ്യൻ, മുതലാളി മനുഷ്യൻ, തൊഴിലാളി മനുഷ്യൻ.... എന്നിങ്ങനെ വെവ്വേറെ അലങ്കാരങ്ങളിലും വൃത്തങ്ങളിലുമായി നമ്മളെ നീട്ടിയും കുറുക്കിയും ചിതറപ്പെടുത്തുകയല്ലേ....)

പത്രാധിപർ